# ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് കാര്യാലയം

ISO 90012015അംഗീകൃത ഓഫീസ്

പള്ളിക്കൽ പി.ഒ.,കറ്റാനം,ആലപ്പുഴ ജില്ല,ഫോൺ.0479-2332026

ഇ-മെയിൽ- bharanikavugp@gmail.com


"ഭരണഭാഷ–മാതൃഭാഷ"

തീയതി16/04/2024

നം.എ2/723/2024

പ്രേഷിതൻ.

സെക്രട്ടറി

ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്.

ശ്രീ.വർഗ്ഗീസ് കുര്യൻ

ഷെറിൻ വില്ല,കട്ടച്ചിറ

പള്ളിക്കൽ പി.ഒ

സർ,

വിഷയം-ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്-സിറ്റിസൺ സർവ്വീസ് പോർട്ടൽ പ്രകാരമുള്ള പരാതി-കടമുറികൾക്ക് നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച്-

സൂചന–1. ശ്രീ.വർഗ്ഗീസ് കുര്യൻ,ഷെറിൻ വില്ല,കട്ടച്ചിറ,പള്ളിക്കൽ.പി.ഒ എന്നവരുടെ പരാതി

2. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് LSGD എഞ്ചിനീയറുടെ റിപ്പോർട്ട്

3.. 21.03.2024 തീയതിയിൽ ഭരണിക്കാവ് ബ്ലോക്ക് ഓഫീസിൽ വെച്ച് കൂടിയ സിറ്റിസൺ സ്ഥിരം അദാലത്ത് സമിതി യോഗത്തിന്റെ തീരുമാനം

4. സർക്കാർ ഉത്തരവ് നമ്പർ 21/2024/LSGD,തീയതി. 09.02.2024,SRO no.168/2024

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.സൂചന(1) പരാതി പ്രകാരം സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടത്തിൻറെ front yard ഒരു വശം 2.87 മീറ്ററും മറുവശം 2.53 മീറ്ററുമാണ്.ടി ഭാഗത്ത് 1.00 മീറ്റർ വീതിയുള്ള roof projection ഉണ്ട്.കൂടാതെ ടി കെട്ടിടത്തിൻറെ വലതു വശത്തായി അതിരും കെട്ടിടവും തമ്മിൽ 40 സെ.മീ ദൂരപരിധി മാത്രമാണുള്ളത്.1994 പഞ്ചായത്ത് ആക്ടിലെ വകുപ്പ് 220(b),2019 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 23(1) പ്രകാരം PWD റോഡിൻറെ അതിരിൽ നിന്നും കെട്ടിടത്തിലേക്കുള്ള ചുരുങ്ങിയ അകലം 3.00 മീറ്റർ ഉണ്ടായിരിക്കണം.അങ്ങനെയുള്ള 3.00 മീറ്ററിൽ കെട്ടിടത്തിൽ നിന്നും 75 സെൻറീമീറ്ററിൽ കൂടുതൽ തള്ളി നിൽക്കാത്ത roof projection,shade എന്നിവ അനുവദിക്കാവുന്നതാണ്.കൂടാതെ ചട്ടം 23(2) പ്രകാരം അടുത്തുള്ള പ്ലോട്ടിലേക്കുള്ള ചുരുങ്ങിയ അകലം 1.00 മീറ്റർ ഉണ്ടായിരിക്കുകയും വേണമെന്നു സൂചന(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്..ടി സാഹചര്യത്തിൽ സൂചന(4) ഉത്തരവ് പ്രകാരം കെട്ടിട ഉടമയും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയും തമ്മിൽ രജിസ്റ്റർ

ചെയ്ത കരാറിൽ ഏർപ്പെടുകയും ചെയ്യുന്ന പക്ഷം റോഡ് അതിർത്തിയും കെട്ടിടവും തമ്മിലുള്ള അകലം 2 മീറ്റർ പാലിച്ചിട്ടുണ്ടെങ്കിൽ ചട്ടം അനുശാസിക്കുന്ന വിധം അധികമായി കോമ്പൗണ്ടിംഗ് ഫീസ്(വിസ്തൃതിക്ക് അനുസരിച്ച്) ഒടുക്കി കെട്ടിടത്തിൻറെ റോഡ് അതിർത്തിയും കെട്ടിടവും തമ്മിലുള്ള അകലത്തിൽ 1 മീറ്റർ വരെ ഇളവ് അനുവദിക്കാവുന്നതാണ്. എന്നാൽ കെട്ടിടത്തിൻറെ  അതിരും കെട്ടിടവും തമ്മിൽ 40 സെ.മീ ദൂരം മാത്രമുള്ളത്.ചട്ടം 23(2) പ്രകാരം ഒന്നോ അതിലധികമോ പ്ലോട്ടിലേക്ക് പോകുന്ന 75 മീറ്റർ നീളം വരെയുള്ള വഴികളിൽ നിന്നും കെട്ടിടങ്ങൾക്ക് വേണ്ട ചുരുങ്ങിയ അകലം 1.50 മീറ്ററാണ്. ആയതിനാൽ ടി അനധികൃത നിർമ്മാണം സാധൂകരിക്കാൻ കഴിയില്ലയെന്നു എൽ.എസ്.ജി.ഡി എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ടി റിപ്പോർട്ട്   സൂചന(3) പ്രകാരം അംഗീകരിച്ചു തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു

വിശ്വസ്തതയോടെ

OFFICE OF THE BHARANICKAVU GRAMA PANCHAYAT
PALLICKAL P.O, PIN-690503

UNNIKRISHNAN PILLAI P. R.
PEN No: 745416
SECRETARY
BHARANIKAVU GRAMAPANCHAYAT
PALLICKAL P. O., ALAPPUZHA (DIST
Pin- 690503, Ph: 0479 2332026